**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4072** **27-10-2021 - ൽ മറുപടിയ്ക്ക്**

**ലൈബ്രേറിയൻമാരുടെ പൊതുസ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് വകുപ്പിൽ ഫുൾടൈം ലൈബ്രേറിയൻമാരായി മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവർക്ക് പൊതുസ്ഥലം മാറ്റം ലഭിക്കുന്നില്ലായെന്നും അവരുടെ അപേക്ഷകൾ കരട് ലിസ്റ്റിൽ പോലും ഉൾപ്പെടുത്തുന്നില്ലായെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ സ്ഥലമാറ്റത്തിന് പ്രത്യേക മാനദണ്ഡം ഉണ്ടോ; വ്യക്തമാക്കുമോ; | (എ) | പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം ലൈബ്രേറിയൻമാരുടെ നിയമനം ജില്ലാതലത്തിലാണ് നൽകുന്നത്. ജില്ലക്കകത്ത് പൊതുസ്ഥലം മാറ്റമാനദണ്ഡങ്ങൾ പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നുണ്ട്. |
| (ബി) | റേഷ്യോ പ്രൊമോഷൻ വഴി ഗ്രേഡ് ലഭിച്ചവർക്ക് അന്തർജില്ലാ സ്ഥലം മാറ്റം ലഭിക്കുവാൻ അർഹതയുണ്ടോ; | (ബി) | 06.02.2013 തീയതിയിലെ G.O(P)No.5/2013/P&ARD നമ്പർ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നുണ്ട്. |
| (സി) | പഞ്ചായത്ത് വകുപ്പിൽ നാളിതുവരെ സീനിയോറിറ്റി കണക്കാക്കി സ്ഥലമാറ്റ ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (സി) | 25.02.2017 തീയതിയിലെ G.O(P)No.3/2017/P&ARD നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് എല്ലാവർഷവും പൊതുസ്ഥലമാറ്റ അപേക്ഷ ക്ഷണിക്കുകയും അപേക്ഷകരുടെ മുൻഗണന പട്ടിക തയ്യാറാക്കി സ്ഥലംമാറ്റം നടത്തുകയും ചെയ്തുവരുന്നു. |
| (ഡി) | അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുവാൻ സാധിക്കില്ലായെന്നും ജില്ലാ നിയമനം ലഭിച്ചവർ ഗ്രേഡ് വാങ്ങി അതേ ജില്ലയിൽ റിട്ടയർ ചെയ്യുന്നത് വരെ തുടരണമെന്നുമുള്ള ഉത്തരവ് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | നാളിതുവരെ പഞ്ചായത്ത് വകുപ്പിൽ ലൈബ്രേറിയന് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്താണെന്നും നിലവിൽ ആരെങ്കിലും ഡെപ്യൂട്ടേഷൻ | (ഇ) | ഉണ്ട്. കെ.എസ്.ആർ ഭാഗം 1, 139 മുതൽ 156 വരെയുള്ള ചട്ടങ്ങൾ പ്രകാരം ഡെപ്യൂട്ടേഷൻ അനുവദനീയമാണ്. നിലവിൽ |

| | | | |
|---|---|---|---|
| | വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടോയെന്നും അറിയിക്കുമോ; | | ലൈബ്രേറിയൻമാർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടില്ല. |
| (എഫ്) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് വന്ന സാഹചര്യത്തിൽ നിലവിൽ പഞ്ചായത്ത് വകുപ്പിൽ ജോലി നോക്കി വരുന്ന ലൈബ്രേറിയൻമാരുടെ അന്തർജില്ലാ സ്ഥലമാറ്റത്തിന്റെ നടപടി ക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (എഫ്) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾ അന്തിമമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ